I ഇ.ബി. XV - കേരള നിയമസഭ/IX-8

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 സെപ്റ്റംബർ 14, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

**കാർഷിക മേഖലയിലെ പ്രതിസന്ധി**

മി. സ്പീക്കർ: സംസ്ഥാന സർക്കാരിന്റെ അവഗണനയും കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള ഉൽപ്പാദനക്കുറവും കാരണം സംസ്ഥാനത്തെ കർഷക സമൂഹം അഭിമുഖീകരിക്കുന്നതായി പറയപ്പെടുന്ന പ്രതിസന്ധി സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി

ജോസഫ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കാലാവസ്ഥാ വ്യതിയാനവും കേന്ദ്രത്തിന്റെ തെറ്റായ കാർഷിക നയങ്ങളും കായികാദ്ധ്വാനത്തിനുള്ള വൈമനസ്യവും അണുകുടുംബങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും ഉയർന്ന ജനസാന്ദ്രതമൂലം കൃഷിഭൂമിയിലുണ്ടായ കുറവും കേരളത്തിലെ കാർഷിക മേഖലയിൽ സൃഷ്ടിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ 2026 ലക്ഷ്യമാക്കി സമൂലമായ മാറ്റത്തിന് കാരണമാകുന്നതും വ്യവസ്ഥാപിതവുമായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ വിളവ് ലഭ്യമാക്കുന്ന തരത്തിലുള്ള നെല്ലിനങ്ങൾ വികസിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. കൃഷിയുടെ ആവശ്യകതയും പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ പങ്കും മനസ്സിലാക്കി നടപ്പിലാക്കിയ 'സുഭിക്ഷ കേരളം' പദ്ധതിയുടെ തുടർച്ചയായ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതിയിലൂടെ കാർഷിക മേഖലയിലെ ജനപങ്കാളിത്തം ഉയർത്താനും ജനകീയ കൂട്ടായ്മകളെ കൃഷി കൂട്ടങ്ങളാക്കാനും സാധിച്ചു. ഉൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കാനാവശ്യമായ

ഇടപെടൽ നടത്തിയിട്ടുണ്ട്. 2026-ഓടെ ഒരു ലക്ഷം ഹെക്ടറിൽ മൂല്യവർദ്ധിത കൃഷിയും 3000 കോടി രൂപയുടെ വിറ്റുവരവും 3 ലക്ഷം തൊഴിലവസരങ്ങളും സൃഷ്ടിക്കുകയെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് വ്യാപകമാക്കിയിട്ടുണ്ട്. വിളയധിഷ്ഠിത കൃഷിരീതി പ്രോത്സാഹിപ്പിക്കുകയും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിച്ച് ഉൽപ്പാദന വർദ്ധനവും വിപണിയും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും നിലവിലുള്ള കർഷകരെ ഈ മേഖലയിൽ നിലനിർത്താനുള്ള ശ്രമവും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണം കാര്യക്ഷമമാക്കാനും കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭ്യമാക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ക്യാബിനറ്റ് സബ് കമ്മിറ്റിയും വിദഗ്ധ സമിതിയും രൂപീകരിച്ചിട്ടുള്ളതും സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ നടപടികൾ കൈകൊള്ളുന്നതുമാണ്. നാളികേര കർഷകർ നേരിടുന്ന വിലയിടിവ് പരിഹരിക്കാനും നാളികേരോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുമായി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവിലയേക്കാൾ 4.70 രൂപ അധികം നൽകിയാണ് സംസ്ഥാന സർക്കാർ നിലവിൽ കർഷകരിൽനിന്നും

പച്ചത്തേങ്ങ സംഭരിക്കുന്നത്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ വില കിലോഗ്രാമിന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2023-24-ൽ 600 കോടി രൂപയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഹോർട്ടികോർപ്പ് മുഖേന സംഭരിച്ച പച്ചക്കറികളുടെ വില പൂർണ്ണമായും നൽകുകയും ആഗസ്റ്റ് മാസം ശേഖരിച്ച പച്ചക്കറികളുടെ തുക നൽകാനുള്ള നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രനയങ്ങളും കാലാവസ്ഥാ വ്യതിയാനവും വന്യമൃഗ ശല്യവും കാർഷിക മേഖലയ്ക്ക് ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുകയാണ്. റബ്ബർ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി, തേയില തുടങ്ങിയവയുടെ വില സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ ആശങ്ക അറിയിക്കുകയും ഇടപെടൽ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റബ്ബറിന്റെ ഉൽപാദന സഹായ വില 250 രൂപയാക്കി നൽകാൻ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുവെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. കേരളത്തിന്റെ കാർഷിക മേഖലയെ ഉണർത്താനും കർഷകരുടെ വരുമാനം 2026-ഓടെ ഇരട്ടിയാക്കാനുമുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

ശ്രീ. സണ്ണി ജോസഫ്: സംസ്ഥാന സർക്കാരിന്റെ അവഗണനയും കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ച, കാലാവസ്ഥാ വ്യതിയാനം,

വന്യജീവി ശല്യം തുടങ്ങിയവയുംമൂലം കാർഷികമേഖല നേരിടുന്ന കടുത്ത പ്രതിസന്ധി പരിഹരിക്കാൻ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇടുക്കി, വയനാട്, കുട്ടനാട് കാർഷിക പാക്കേജുകൾ പ്രഖ്യാപനങ്ങൾ മാത്രമായിരിക്കുകയാണ്. വയനാട് പാക്കേജിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ മാറ്റിവച്ച 7000 കോടിരൂപയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വിശദീകരിക്കാൻ സർക്കാർ തയ്യാറാകണം. നാണ്യവിളകളുടെ ഉൽപ്പാദനം കുറഞ്ഞിരിക്കുകയാണ്. റബ്ബറിന്റെ വില കിലോഗ്രാമിന് 250 രൂപയാക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടില്ല. റബ്ബർ വിലസ്ഥിരതാ ഫണ്ടിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് വെബ്സൈറ്റ് സൗകര്യം ഇതുവരെ ലഭ്യമായിട്ടില്ല. വിലസ്ഥിരതാ ഫണ്ടിനത്തിൽ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയെങ്കിലും നാമമാത്രമായ തുകയാണ് കർഷകർക്ക് നൽകിയിട്ടുള്ളത്. റബ്ബർ വില 250 രൂപയായി വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കണം. ബഹു. ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടും നെല്ലിന്റെ സംഭരണ വില യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല. കേരളത്തിലെ കർഷകരെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം സർക്കാരിനാണ്. കേരകർഷകർക്ക് പച്ചത്തേങ്ങ സംഭരിച്ച വകയിൽ

ലഭിക്കാനുള്ള തുക നൽകാനും കൂടുതൽ സംഭരണ കേന്ദ്രങ്ങൾ തുടങ്ങാനും കശുവണ്ടി സംഭരണത്തിനാവശ്യമായ ഡിപ്പോകൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാരം നൽകാനും കാർഷിക പെൻഷനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാനും വിപണി ഇടപെടൽ നടത്തുന്നതിനും കൃഷിവകുപ്പിൽ ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിനും കാർഷിക പാക്കേജ് നടപ്പാക്കാനും നടപടി സ്വീകരിക്കണം. പ്രസ്തുത വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): കേന്ദ്രസഹായമില്ലാതെ 1914.15 കോടി രൂപ കേരളത്തിലെ റബ്ബർ കർഷകർക്ക് നൽകാൻ സാധിച്ചത് ഈ സർക്കാരിന്റെ പ്രവർത്തനമികവിനെയാണ് സൂചിപ്പിക്കുന്നത്. റബ്ബർ ബോർഡിന്റെ സർട്ടിഫിക്കറ്റോടുകൂടി വരുന്ന അപേക്ഷകൾക്കനുസരിച്ച് തുക അനുവദിക്കുന്ന സംവിധാനം ധനകാര്യ വകുപ്പ് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നുണ്ട്. റബ്ബർ കർഷകർക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിലുള്ള സാങ്കേതിക പ്രശ്നം പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിന്

യഥാസമയം കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ പണം ലഭിക്കാതെ വരുന്ന അവസരത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനാണ് ബാങ്കുകളുമായി ചേർന്ന് പി.ആർ.എസ്. (Paddy Receipt Sheet) സംവിധാനം നടപ്പിലാക്കിയത്. ഇതൊരു ലോണായി പരിഗണിച്ച് പലിശ സഹിതം അടയ്ക്കുന്നത് സംസ്ഥാന സർക്കാരാണ്. സർക്കാർ 180 കോടി രൂപ അനുവദിച്ചും കൺസോർഷ്യത്തിൽ നിന്നും പണം ലഭ്യമാക്കിയും നെല്ല് സംഭരണത്തിലെ കുടിശ്ശിക ഏറെക്കുറെ കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്. നെല്ല് സംഭരിച്ച ഇനത്തിൽ ലഭ്യമായ പണത്തിന്റെ കണക്കുപോലും മറച്ചുവച്ച് ഗവൺമെന്റിനെതിരെ നിലപാട് സ്വീകരിക്കുന്നത് അപലപനീയമാണ്. പച്ചത്തേങ്ങ സംഭരണം നാഫെഡ് പൂർണ്ണ തോതിൽ നടത്തിവരുന്നുണ്ട്. യുവതലമുറ കൃഷിയിലേയ്ക്ക് വരുന്നില്ലെന്ന പ്രചരണം അസ്ഥാനത്താണ്. അട്ടപ്പാടിയിൽ ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി പ്രാവർത്തികമായതോടെ ശിശുമരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ക്യാബിനറ്റ് സബ്കമ്മിറ്റി ചർച്ച ചെയ്ത് നെല്ല് സംഭരണവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

രണ്ട് സാമ്പത്തിക വർഷങ്ങളിലായി 72 കോടി രൂപ വിള ഇൻഷ്വറൻസ് അനുവദിക്കുകയും കാർഷിക കടാശ്വാസത്തിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 34.90 കോടി രൂപ അധിക വിഹിതമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2021-22-ലെ കണക്കുപ്രകാരം അഖിലേന്ത്യാ അടിസ്ഥാനത്തിൽ കാർഷിക മേഖലയുടെ വളർച്ച മുരടിച്ചപ്പോഴും സംസ്ഥാനത്തിന് 4.64% വളർച്ച കൈവരിക്കാനായിട്ടുണ്ട്. കാർഷിക മേഖലയുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് പ്രതിപക്ഷ സഹകരണം പ്രതീക്ഷിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

### 1. ലംപ്സം ഗ്രാന്റ് സമയബന്ധിതമായി വിതരണം ചെയ്യൽ

ശ്രീ. പ്രമോദ് നാരായൺ: പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. ആധുനിക വൈജ്ഞാനിക മേഖലയിലെ തൊഴിൽ സാധ്യതകൾ സ്വന്തമാക്കാനും അവരിൽ അന്തർലീനമായ അഭിരുചികൾ പഠനകാലത്ത് തന്നെ കണ്ടെത്താനും സ്കോളർഷിപ്പിനോടൊപ്പം മെന്റർഷിപ്പ് നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം. സർവ്വകലാശാലകളുടെയും വകുപ്പുകളുടെയും സംയുക്തമായ പ്രവർത്തനത്തിലൂടെ സമഗ്രമായ ഒരു സംരംഭകത്വ വിദ്യാഭ്യാസ മിഷൻ ആവിഷ്കരിക്കാനും മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ സെന്റർ ഓഫ് എക്സലൻസാക്കാനുമുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പട്ടികജാതി / പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി

അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനത്തിൽ പുരോഗതി കൈവരിക്കാനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാനും സാധിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള കഴിവുകൾ ചെറുപ്പത്തിൽത്തന്നെ വളർത്തിയെടുക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ലംപ്സംഗ്രാന്റും ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ചാർജ്ജും സമയബന്ധിതമായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എം.ഫിൽ, പി.എച്ച്.ഡി. കോഴ്സുകൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തുകയും വിദേശ പഠനത്തിനുള്ള സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ പുതുതലമുറയിൽപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നതിനും അർഹമായ വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (2) ഡോ. പി. എൻ ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. വിൻസെന്റ്: വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥ പഠിക്കുന്നതിനായി നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാനും പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകിയിരുന്ന സംവരണാനുകൂല്യം ഉന്നതവിദ്യാഭ്യാസ മേഖലയിൽക്കൂടി അനുവദിക്കാനും സംരംഭകത്വം വളർത്തിയെടുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാനും തൊഴിൽ ഉപകരണങ്ങളും അനുബന്ധ അസംസ്കൃത വസ്തുക്കളും വാങ്ങുന്നതിന് വായ്പ ലഭ്യമാക്കാനും കാലഘട്ടത്തിനനുസരിച്ച് തൊഴിൽ വൈദഗ്ദ്ധ്യം അപ്ഗ്രേഡ് ചെയ്യാനുള്ള കോഴ്സുകൾ ഐ.ടി.ഐ./പോളിടെക്നിക്കുകളിൽ ആരംഭിക്കാനും വിശ്വകർമ്മ ദിനം പൊതുഅവധിയായി പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും 8, 9, 11, 14, 19, 20 എന്നീ ശിപാർശകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും

ചെയ്തിട്ടുണ്ട്. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആർട്ടിസാൻസ് സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിനും പൊതുമേഖലാ ബാങ്കുകളിൽ സ്വർണ്ണപ്പണിയിൽ പരിചയമുള്ളവരെ അപ്രൈസർമാരായി നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. കരകൗശല ഉല്പന്നങ്ങളുടെ പ്രദർശനത്തിനായി ആറന്മുളയ്ക്ക് സമീപം മാന്നാറിൽ bell metal crafts-ന് പ്രാധാന്യം നൽകിക്കൊണ്ട് ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനും വിശ്വകർമ്മജരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിന് സൗകര്യം ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചിയിൽ Artisans Special Economic Zone രൂപീകരിക്കുന്നതിനായി KSIDC-യും വ്യവസായ വകുപ്പും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശ്വകർമ്മജർക്കുള്ള പെൻഷൻ 1600/- രൂപയാക്കി ഉയർത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ പരിശീലിപ്പിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്. ഐ.ടി.ഐ./ പോളിടെക്നിക്ക് യോഗ്യതയുള്ളവർക്ക് തുടർപരിശീലനവും തൊഴിലും ലഭ്യമാക്കാനുള്ള അവസരമൊരുക്കുന്നതാണ്.

## III. സബ്മിഷൻ

### (1) കണ്ണൂർ വിമാനത്താവള വികസനം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കണ്ണൂർ വിമാനത്താവളത്തിൽ ആഭ്യന്തര സർവ്വീസ് വർദ്ധിപ്പിക്കാനും റൺവേ എക്സ്റ്റൻഷനുവേണ്ടി ഭൂമി ഏറ്റെടുക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

### (2) പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല നിയോജകമണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ നിർമ്മാണം ഘട്ടംഘട്ടമായി ടെണ്ടർ ചെയ്യുന്നത് ഒഴിവാക്കി പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

### (3) മുക്കം പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പൂർത്തീകരണം

ശ്രീ. ലിന്റോ ജോസഫ്: മുക്കം പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തുടർനടപടി സ്വീകരിച്ചു വരുന്നു.

(മറുപടി മേശപ്പുറത്തുവച്ചു)

(4) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള ജലലഭ്യത

ശ്രീ. കെ. ബാബു (നെന്മാറ): പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിനും സംസ്ഥാനത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(5) കിൻഫ്ര വ്യവസായ പാർക്കിന് ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അർത്ഥനാധികാരിയായ കിൻഫ്ര തുക അടയ്ക്കുന്ന പക്ഷം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്ത് വച്ചു)

(6) അന്ധകാരനഴി അഴിമുഖത്ത് പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീമതി ദെലീമ: അന്ധകാരനഴി അഴിമുഖത്ത് അടിഞ്ഞുകൂടിയ മണൽ വാരുന്നതിന് അനുവാദം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(7) കടലാക്രമണം

ശ്രീ. പി. നന്ദകുമാർ: പൊന്നാനി കടലോരമേഖലയിൽ ടെട്രോപാഡ് നിർമ്മിക്കാനും പുതുപൊന്നാനി അഴിമുഖ മേഖലയിലെ മണ്ണിടിച്ചിൽ ഒഴിവാക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടലാക്രമണം തടയുന്നതിനായി 10 കോടി രൂപയുടെ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണ് നീക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(8) മഞ്ചേശ്വരത്തെ കടലാക്രമണം

ശ്രീ. എ. കെ. എം. അഷ്റഫ്: മഞ്ചേശ്വരം മണ്ഡലത്തിലെ കടലോരപ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് ജിയോബാഗ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ):മഞ്ചേശ്വരം മണ്ഡലത്തിൽ എട്ട് കിലോമീറ്ററോളമാണ് രൂക്ഷമായ കടലാക്രമണം നേരിടുന്നത്. ഇതുമായി ബന്ധപ്പെട്ട് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ

റിസർച്ചിന്റെ റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കും.

(9) ഇരുമ്പിളിയത്തെ കുടിവെള്ള ക്ഷാമം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരുമ്പിളിയം പഞ്ചായത്തിനെയും തൃത്താല മണ്ഡലത്തിലെ പറവൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന ആർ.സി.ബി.-യുടെ പ്രവർത്തനം പൂർത്തിയാക്കുന്നതിനും ഇടിയരക്കടവിൽ പുതിയ തടയണ നിർമ്മിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുടിവെള്ള പ്രശ്നം പരിഹരിക്കാൻ തടയണ നിർമ്മിക്കുന്ന കാര്യം ചർച്ച ചെയ്ത് പരിഹരിക്കാം.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(10) പെരുമ്പാവൂർ-റയോൺപുരം റോഡ് വികസനം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ-റയോൺപുരം റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പെരുമ്പാവൂർ-റയോൺപുരം റോഡ് നവീകരണത്തിന്റെ സാധ്യത പ്രത്യേകമായി പരിഗണിക്കാം.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(11) ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതി

ശ്രീ. ആന്റണി ജോൺ: ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് തർക്കമുണ്ടായതിനെത്തുടർന്ന് നിയമസാധുത സംബന്ധിച്ച് അഡ്വക്കേറ്റ് ജനറൽ മുഖാന്തരം പരിശോധിച്ചുവരികയാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(12) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന് ഈ സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണ്ണമായി ലഭ്യമാക്കി മിൽ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(13) കൊച്ചി നഗരസഭ മാസ്റ്റർപ്ലാൻ ഭേദഗതി

ശ്രീ. ടി. ജെ. വിനോദ്: കൊച്ചി നഗരസഭയുടെ കരട് മാസ്റ്റർപ്ലാൻ

വിശദമായ ചർച്ചയ്ക്കുശേഷം നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(14) <u>ലൈഫ് മിഷൻ ഗുണഭോക്താക്കൾക്കുള്ള ധനസഹായം</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: പാലക്കാട് ജില്ലയിലെ ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്ന് വായ്പയെടുക്കാനുള്ള അനുവാദം ലഭ്യമാക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(15) <u>പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയം</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: പാലക്കാട് ജില്ലാ സ്റ്റേഡിയം നിർമ്മാണ പ്രോജക്ട് പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിലേയ്ക്ക് മാറ്റുകയും ഉടമസ്ഥാവകാശം മുനിസിപ്പാലിറ്റിയിൽ നിലനിർത്തുകയും ചെയ്തുകൊണ്ട് നടപ്പാക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ഉടമസ്ഥതയുള്ള മുനിസിപ്പാലിറ്റി ഇക്കാര്യത്തിൽ അനുകൂല

തീരുമാനമെടുക്കുകയാണെങ്കിൽ ഏറ്റവും അനുയോജ്യമായ സ്ഥലം ഇതിനായി തെരഞ്ഞെടുക്കാവുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(16) കുടുംബശ്രീ ജനകീയ ഹോട്ടൽ നടത്തിപ്പുകാർക്ക് സബ്സിഡി

ശ്രീ. പി. ഉബൈദുള്ള: വിശപ്പുരഹിത കേരളം പദ്ധതി പ്രകാരം ആരംഭിച്ച കുടുംബശ്രീ ജനകീയ ഹോട്ടൽ സംരംഭകർക്ക് യഥാസമയം സബ്സിഡി അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്സിഡി ഇനത്തിൽ 131.11 കോടി രൂപ അനുവദിക്കുകയും ബാക്കിയുള്ള 41.09 കോടി രൂപ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ജില്ലാ പ്ലാനിംഗ് കമ്മിറ്റി ഉച്ചയൂണിന് 30 രൂപയും പാഴ്സലിന് 35 രൂപയിൽ കുറയാത്ത നിരക്കും നിശ്ചയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(17) കാർഷിക പ്രതിസന്ധി

ശ്രീ. കുറുക്കോളി മൊയ്തീൻ: നാളികേരം, നെല്ല്, റബ്ബർ എന്നിവയുടെ സംഭരണം പുനരാരംഭിക്കാനും നാളികേരം 34 രൂപയ്ക്ക് സംഭരിക്കാനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സംഭരണകേന്ദ്രങ്ങൾ വർദ്ധിപ്പിക്കാനും നാളികേരം 34 രൂപയ്ക്ക് സംഭരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(18) പട്ടാമ്പി സംസ്കൃത കോളേജിൽ അധിക കോഴ്സുകൾ

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജിൽ അധിക കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): അധിക കോഴ്സുകൾക്കായി കാലിക്കറ്റ് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള അപേക്ഷ സർവ്വകലാശാലയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(19) ജപ്തി നടപടി നിർത്തിവയ്ക്കൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ കർഷകർ വിവിധ സഹകരണ ബാങ്കുകളിൽനിന്നുമെടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(20) പന്മന പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനം

ഡോ. സുജിത് വിജയൻപിള്ള: പന്മനയിൽ സ്ഥിതി ചെയ്യുന്ന ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): പന്മന പ്രാദേശിക കേന്ദ്രത്തിൽ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സംസ്കൃത സർവ്വകലാശാലയുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്താനായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾക്കുവേണ്ടിയുള്ള പ്രൊപ്പോസലുകൾ സർവ്വകലാശാലയിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(21) കൊച്ചിൻ കോർപ്പറേഷനിലെ മാലിന്യ സംസ്കരണം

ശ്രീമതി ഉമ തോമസ്: കൊച്ചിയിലെ കലൂർ സ്റ്റേഡിയത്തിന്റെ പരിസരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യാനും കൃത്യമായി ഫോഗിംഗ് നടത്താനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കൊച്ചി കോർപ്പറേഷൻ അതിർത്തിയിൽ ജൈവ-അജൈവ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലില്ല. 2021 ജൂലൈ മുതൽ ഹരിത കർമ്മസേനയുടെ സേവനം എല്ലാ ഡിവിഷനുകളിലും ഉറപ്പ് വരുത്തിയിട്ടുണ്ട്.

(22) ചൂണ്ടപ്പറമ്പ് -വെള്ളാട്-കരുവഞ്ചാൽ റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ചൂണ്ടപ്പറമ്പ്-വെള്ളാട്-കരുവഞ്ചാൽ റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(23) അരുവിപ്പുറം ടൂറിസം വികസന പദ്ധതി

ശ്രീ. ഡി. കെ. മുരളി: കല്ലറ പഞ്ചായത്തിലെ അരുവിപ്പുറത്ത് ടൂറിസം പ്രോജക്ടിനായി സമർപ്പിച്ച റീ-എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(24) NH-66-ൽ ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീമതി കാനത്തിൽ ജമീല: എൻ.എച്ച്. 66-ൽ അടിപ്പാതയില്ലാത്ത

പ്രധാന തെരുവുകളിൽ ഫൂട്ട് ഓവർബ്രിഡ്ജുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(25) പെരുമ്പയിൽ പുതിയ പാലം നിർമ്മാണം

ശ്രീ. ടി. ഐ. മധുസൂദനൻ: പയ്യന്നൂർ നഗരസഭയേയും കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതിന് പെരുമ്പ പുഴയ്ക്കുകുറുകെ പുതിയ പാലം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(26) സൗന്ദര്യവത്കരണ പ്രവൃത്തികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: അഴീക്കോട് മുനക്കൽ മുസരീസ് ഡോൾഫിൻ ബീച്ചിന്റെ സൗന്ദര്യവത്കരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളത് പരിഹരിച്ച് പ്രവൃത്തി പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(27) പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണം

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ കണ്ണൂർ റോഡും തീരദേശ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പാവങ്ങാട് റെയിൽവേ മേൽപ്പാല നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ തീരുമാനം ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(28) വക്കം-കായിക്കര കടവ് പാലം നിർമ്മാണം

ശ്രീമതി ഒ. എസ്. അംബിക: വക്കം തീരദേശപാതയിലെ കായിക്കരയുമായി ബന്ധിപ്പിക്കുന്ന വക്കം-കായിക്കര കടവ് പാലം നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(29) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കാസർഗോഡ് മെഡിക്കൽ കോളേജിന് 2012-ൽ അനുമതി ലഭിച്ചെങ്കിലും 2016-ലാണ് നിർമ്മാണം ആരംഭിച്ചത്. കിഫ്ബി അനുവദിച്ച 168 കോടി രൂപ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആരോഗ്യ സർവ്വകലാശാലയുടെയും നാഷണൽ മെഡിക്കൽ കമ്മീഷന്റെയും അനുമതിയോടെ എം.ബി.ബി.എസ്. അഡ്മിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(30) നെടുങ്ങോലം താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ് താലൂക്കാശുപത്രിക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): നെടുങ്ങോലം രാമറാവു മെമ്മോറിയൽ ഗവൺമെന്റ്

താലൂക്കാശുപത്രിയിൽ ആർദ്രം സ്റ്റാന്റേർഡൈസേഷൻ പ്രകാരമുള്ള സൗകര്യങ്ങളും തസ്തികകളും മുൻഗണനാടിസ്ഥാനത്തിൽ ക്രമീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(31) ചാലക്കുടി താലൂക്കാശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ

ശ്രീ. സനീഷ് കുമാർ ജോസഫ്: ചാലക്കുടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും ഒഴിവുകൾ നികത്തുന്നതോടൊപ്പം ബേൺസ് യൂണിറ്റ്, ട്രോമാകെയർ യൂണിറ്റ്, കാർഡിയോളജി, ഡെർമറ്റോളജി വിഭാഗങ്ങൾ എന്നിവ ആരംഭിക്കാനും ഡയാലിസിസ് ടെക്നീഷ്യൻ, ഫോറൻസിക് സർജൻ തസ്തികകൾ സൃഷ്ടിക്കാനും നടപടി സ്വീകരിച്ച് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഇടപെടൽ നടത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ചാലക്കുടി താലൂക്കാശുപത്രിയിൽ 17 തസ്തികകളാണ് പുതുതായി സൃഷ്ടിച്ചത്. 2023-24 വർഷം അനുവദിച്ച ബേൺസ് യൂണിറ്റിന് ഉചിതമായ സ്ഥലം കണ്ടെത്തി നിർമ്മാണം ആരംഭിക്കുന്നതാണ്. സമഗ്രവികസന പാക്കേജിന്റെ ഭാഗമായി ആശുപത്രി തലത്തിൽ ആവശ്യമായ അധിക

തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്.

(32) പേരാവൂർ റോഡ് നവീകരണം

ശ്രീ. സണ്ണി ജോസഫ്: പേരാവൂരിലെ താലൂക്കാസ്ഥാനത്തേയ്ക്കുള്ള റോഡുകൾ നവീകരിക്കുന്നതിനും മറ്റ് റോഡുകൾ ഗതാഗതയോഗ്യമായ രീതിയിലാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(33) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ

ശ്രീ. എച്ച്. സലാം: നിലവിലെ ഒഴിവുകൾ നികത്തി കൂടുതൽ തസ്തികകൾ സൃഷ്ടിച്ച് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(34) ബസ് സർവ്വീസുകളുടെ പുനഃസ്ഥാപനം

ശ്രീ. എൻ. ഷംസുദ്ദീൻ: മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പഴക്കമുള്ള ബസുകൾമാറ്റി പുതിയവ നൽകാനും കോവിഡുകാലത്ത് നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കാനും

നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സാധ്യതാപഠനം നടത്തി റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(35) മോട്ടോർ വെഹിക്കിൾ സെന്ററിന്റെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ ജോയിന്റ് ആർ.ടി. ഓഫീസിന്റെ കീഴിലുള്ള മോനിപ്പള്ളി യൂണിറ്റ് അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47 (2)] എന്നിവ പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി I-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23-ലെ ധനാഭ്യർത്ഥനകളുടെ

പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

നിപ വ്യാപനം

സംസ്ഥാനത്തുണ്ടായിട്ടുള്ള നിപ വ്യാപനം സംബന്ധിച്ച് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VII നിയമനിർമ്മാണകാര്യം:

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കൃഷിക്ക് പട്ടയം ലഭിച്ച ഭൂമിയിൽ വീട് വയ്ക്കുന്നതിനും ഗൃഹനിർമ്മാണത്തിനായി പട്ടയം ലഭിച്ച ഭൂമിയിൽ കടമുറി നിർമ്മിക്കുന്നതിനും കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് പട്ടയ ഭൂമിയിൽ അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങളുടെ ക്രമീകരണത്തിനും പുതിയ നിർമ്മാണ പ്രവൃത്തിയുടെ അനുമതിക്കുമായി ബില്ലിൽ ചേർത്തിരിക്കുന്ന നിലവിലെ വ്യവസ്ഥകൾ നിയമനിർമ്മാണത്തിന്റെ ഉദ്ദേശശുദ്ധിക്ക് വിരുദ്ധമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ ടി വ്യവസ്ഥകളിൽ കൂടുതൽ വ്യക്തത വരുത്തണം. ഭൂമി ലഭിച്ച ആളുകൾക്ക് അവിടെ കൃഷി ചെയ്യാനുള്ള സാഹചര്യം ഒരുക്കണം. നിലവിലുള്ള നിയമത്തിൽ സർക്കാർ എന്തെങ്കിലും നിയന്ത്രണങ്ങളോ മാറ്റങ്ങളോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതിനനുസരിച്ച് സെക്ഷൻ 8-ൽ മാറ്റം വരുത്തേണ്ടതാണ്. ഇടുക്കി ജില്ലയിലെ അനധികൃത ഭൂമി കൈയേറ്റവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽനിന്നും നിരാക്ഷേപപത്രം നേടിയശേഷം മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻപാടുള്ളൂവെന്ന ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്

ജനങ്ങളെ സാരമായി ബാധിച്ചു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ നിയമത്തിൽ നാല് ഭേദഗതികളാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. പട്ടയഭൂമിയിൽ അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. പതിച്ചുകിട്ടിയ സർക്കാർ ഭൂമി കൈമാറി കിട്ടിയവർക്ക് ടി ഭൂമി നിയമപരമായ ഏതാവശ്യത്തിനും ഉപയോഗിക്കാം എന്ന നിയമഭേദഗതി കൊണ്ടുവരണം. റവന്യൂ, നിയമ വകുപ്പുകൾ മാത്രം നിർദേശിക്കുന്ന ഭേദഗതികളേക്കാൾ കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ള നിയമ ഭേദഗതിയാണ് ആവശ്യം. സർക്കാർ നിർദ്ദേശിച്ച പണമടച്ച് പട്ടയം നേടിയവർ പുതിയ ഭേദഗതി വരുന്നതോടെ ഭൂമിക്കും അതിലെ കെട്ടിടങ്ങൾക്കും വീണ്ടും വൻതുക അടയ്ക്കേണ്ടതായി വരും. 1960-ലെ ഭൂപതിവ് നിയമം ഭേദഗതി ചെയ്യുന്നതിലൂടെ ചട്ടം ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ പിഴ ഈടാക്കി ക്രമവത്ക്കരിച്ച് നൽകാനാകും. 1964-ലെ ഭൂപതിവ് ചട്ടം 24 പ്രകാരം നിയമത്തിൽ ഏത് തരത്തിലുള്ള ഭേദഗതിക്കും സർക്കാരിന് പൂർണ്ണ അധികാരമുണ്ടെന്നിരിക്കെ ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത് സംശയത്തോടുകൂടിമാത്രമേ കാണാൻ കഴിയൂ.

ഭൂപതിവ് ചട്ടം 4-ൽ ഭൂവിനിയോഗം കൃഷിക്കും വീടിനും എന്നതിനുപകരം ഏത് ആവശ്യത്തിനും എന്ന് ഭേദഗതി ചെയ്യുകയും ഇതിന് മുൻകാല പ്രാബല്യം നൽകുകയും ചെയ്താൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടും. ആറ് പതിറ്റാണ്ട് മുമ്പ് കൊണ്ടുവന്ന നിയമത്തിന്റെ പേരിൽ പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിച്ച സാധാരണക്കാർ ഇപ്പോൾ പിഴ കൊടുക്കേണ്ടിവരുന്നത് അംഗീകരിക്കാനാകില്ല.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രണ്ട് പ്രധാനപ്പെട്ട ഭേദഗതിയാണ് ഈ ബില്ലിൽ വരുന്നത്. പതിച്ചുകൊടുത്ത ഭൂമിയിൽ നാളിതുവരെ നടത്തിയിട്ടുള്ള വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിച്ച് നൽകാൻ സർക്കാരിന് അധികാരം നൽകാനും പട്ടയ ഭൂമിയിലുള്ള സ്ഥാപനങ്ങളെ സാധൂകരിച്ചുകൊടുക്കുന്നതിനുമുള്ള ഭേദഗതിയാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. (തുടരും)

(2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ പരിഗണനയ്ക്കായി ചർച്ച നിർത്തിവച്ചു.)

3. 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തെ മുന്നോട്ടുനയിക്കുന്ന ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സമസ്ത മേഖലകളുടെയും വികസനം ഉറപ്പുവരുത്താനുതകുന്ന പ്രവർത്തനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ക്ഷേമപദ്ധതികൾക്ക് ഏറ്റവും കൂടുതൽ പണം അനുവദിക്കുന്ന സംസ്ഥാനമാണെങ്കിൽപ്പോലും അതിനനുസരിച്ചുള്ള കേന്ദ്രവിഹിതം ലഭിക്കുന്നില്ല. നികുതി വരുമാനത്തിൽ കുറവുവരുത്തിയും കേന്ദ്രാവിഷ്കൃത

പദ്ധതികളിലെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചും ക്ഷേമപദ്ധതികൾക്കായി കിഫ്ബി മുഖേന എടുത്തിട്ടുള്ള വായ്പ പൊതുകടത്തിൽ ഉൾപ്പെടുത്തിയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും വികസനപ്രവർത്തനങ്ങളെ തടസ്സപ്പെടുത്താനുള്ള നീക്കങ്ങളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്രത്തിന്റെ ഈ നിലപാടുകൾക്കെതിരെ പ്രതികരിക്കുന്നതിനുപകരം സംസ്ഥാന സർക്കാരിനെ കുറ്റപ്പെടുത്തുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. സംസ്ഥാന സർക്കാരുകളുടെ അധികാരം കവർന്നെടുക്കാനുള്ള കേന്ദ്രനീക്കം അപലപനീയമാണ്.

## VIII അറിയിപ്പ്

കനേഡിയൻ ഡെലിഗേറ്റ്സിന്റെ സന്ദർശനം

മി. സ്പീക്കർ: സഭാ നടപടികൾ വീക്ഷിക്കാനായി കാനഡയിൽനിന്നുള്ള പ്രതിനിധി സംഘം വി.ഐ.പി. ഗ്യാലറിയിൽ എത്തിയിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

## ചർച്ച (തുടർച്ച)

ശ്രീ. എ. കെ. എം. അഷ്റഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയും വൈദ്യുതി-വെള്ളക്കരമുൾപ്പെടെ വർദ്ധിപ്പിച്ചും ജനജീവിതം ദുസ്സഹമാക്കുന്ന

നടപടികളിൽനിന്നും സർക്കാർ പിന്മാറണം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ആനുകൂല്യങ്ങളും ഫണ്ടുകളും വെട്ടിക്കുറച്ചുകൊണ്ട് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുകയാണ്. രാജ്യത്തിന്റെ സാമ്പത്തിക താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി ജി.എസ്.ടി. വരുമാനത്തിന്റെ സിംഹഭാഗവും കേന്ദ്രസർക്കാർ കയ്യടക്കിയെന്ന് മാത്രമല്ല ജി.എസ്.ടി. നഷ്ടപരിഹാരത്തുക നിർത്തലാക്കിയിരിക്കുകയുമാണ്. സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണത്തിന് തുക നൽകാതെയും ഭക്ഷ്യധാന്യ വിഹിതം വെട്ടിക്കുറച്ചും മുന്നോട്ടുപോകുന്ന കേന്ദ്രസർക്കാരിന്റെ നടപടിക്കെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന സംസ്ഥാന സർക്കാരിന്റെ നടപടികൾ അഭിനന്ദനാർഹമാണ്.

<u>ഡോ. എൻ. ജയരാജ്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. പ്രതിസന്ധിക്കിടയിലും വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നു. കേന്ദ്ര വിഹിതം 1.92 ശതമാനമായി വെട്ടിക്കുറച്ചതിലൂടെ ശരാശരി 20,000 കോടിരൂപ

സംസ്ഥാനത്തിന് നഷ്ടമുണ്ടാകുന്നുണ്ട്. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ടിൽ മാറ്റം വരുത്താതെ ഓഫ് ബഡ്ജറ്റ് ബോറോയിംഗ് സംബന്ധിച്ച് എക്സിക്യൂട്ടീവ് ഉത്തരവിറക്കിയ നടപടി ശരിയല്ലാത്തതിനാൽ ബഹു. കോടതിയെ സമീപിച്ച് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കണം. 2022-ൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയിട്ടും സെസ്സ് പിരിക്കുന്നത് തുടരുന്ന കേന്ദ്ര സർക്കാർ നിലപാട് അധാർമ്മികമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കാനാവശ്യമായ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ അനിവാര്യമാണ്. വിവിധ സേവന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നതിന് സാമ്പത്തിക പ്രതിസന്ധി തടസ്സമാകാതിരിക്കാനുള്ള ശ്രദ്ധ പുലർത്താൻ ധനകാര്യ വകുപ്പിന് സാധിച്ചിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ധനസ്ഥിതി മെച്ചപ്പെടേണ്ടത് അനിവാര്യമാണ്. വരവ് വർദ്ധിപ്പിക്കലും ചെലവ് ചുരുക്കലും എന്ന അടിസ്ഥാന ധനതത്വം പാലിക്കാൻ ശ്രദ്ധിക്കണം. ധനകാര്യ വകുപ്പ് ഫണ്ട് അനുവദിച്ചിട്ടും വകുപ്പുകളുടെ ഏകോപനത്തിലുള്ള പോരായ്മമൂലം പദ്ധതികൾ

നടപ്പാക്കാൻ സാധിക്കുന്നില്ലെന്നത് ഗൗരവമായി കാണണം. 2021-22-ൽ ആഭ്യന്തര വരുമാനത്തിൽ 12 ശതമാനം വളർച്ച കൈവരിക്കാനായത് അഭിമാനകരമായ നേട്ടമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ പ്രതിവർഷം 5 ലക്ഷം രൂപയുടെ ചികിത്സാ സൗകര്യമൊരുക്കുകയും ഡിജിറ്റൽ മേഖലയിൽ 20 ലക്ഷം ആളുകൾക്ക് തൊഴിൽ സാധ്യത ഉറപ്പാക്കുകയും ലൈഫ് പദ്ധതിയിലൂടെ എല്ലാവർക്കും പാർപ്പിടമൊരുക്കുകയും പൊതുവിദ്യാലയങ്ങൾ മെച്ചപ്പെട്ടതാക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ജനക്ഷേമ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ദുരന്ത സാഹചര്യങ്ങളെ ഫലപ്രദമായി നേരിടുകയും ഇൻഡ്യയിലാദ്യമായി ഭൂപരിഷ്കരണമുൾപ്പെടെയുള്ള നിയമങ്ങൾ നടപ്പാക്കിക്കൊണ്ട് ജനങ്ങൾക്കൊപ്പം നിൽക്കുകയും ചെയ്യുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ ലോകത്തിനുതന്നെ മാതൃകയാണ്. സാമ്പത്തിക ദൃഢത ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ജി.എസ്.ടി. നഷ്ടപരിഹാരമടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും നിർത്തലാക്കിക്കൊണ്ട് കേരളത്തിന്റെ മൊത്തം വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയിരിക്കുകയാണ്.

സംസ്ഥാനങ്ങൾക്കവകാശപ്പെട്ട വിഹിതം കേന്ദ്രം നൽകാത്തതിൽ മൗനം പാലിക്കുന്ന പ്രതിപക്ഷ നിലപാട് പ്രതിഷേധാർഹമാണ്. യു.ജി.സി. ഗ്രാന്റ്, ഹെൽത്ത് ഗ്രാന്റ്, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവയുടെ കുടിശ്ശിക നൽകാതെയും മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിയുടെ വിഹിതം വെട്ടിക്കുറച്ചും താങ്ങുവില സഹായ പദ്ധതി, സ്കൂൾ ഉച്ചഭക്ഷണ പദ്ധതി എന്നിവയ്ക്ക് തുക അനുവദിക്കാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്.

ശ്രീ. എം. എം. മണി: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ഗവൺമെന്റ് നടപ്പാക്കുന്ന ജനക്ഷേമകരമായ പദ്ധതികളുടെ പ്രതിഫലനമാണ് ഈ ധനവിനിയോഗ ബിൽ. സാംസ്കാരിക പുരോഗതിയിലും ജനങ്ങളുടെ ഐക്യത്തിലും ന്യൂനപക്ഷ സംരക്ഷണം ഉറപ്പാക്കുന്നതിലും കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. 2016-ൽ അധികാരത്തിൽ വന്ന ഇടതുമുന്നണി ഗവൺമെന്റിന്റെ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായാണ് തുടർ ഭരണം സാധ്യമായത്.

ശ്രീ. എ. പി. അനിൽകുമാർ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം വെട്ടിക്കുറച്ച കേന്ദ്രഗവൺമെന്റ് സമീപനത്തെ ശക്തമായിട്ടാണ് പ്രതിപക്ഷം എതിർക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 75:25 എന്നുള്ള ആനുപാതം തുടരണമെന്ന് കേന്ദ്രത്തോട് ഒറ്റക്കെട്ടായി ആവശ്യപ്പെടണം. ധനകാര്യ കമ്മീഷൻ അഞ്ച് വർഷത്തേയ്ക്ക് അനുവദിച്ച തുകയിൽനിന്നും പ്രതിവർഷം ലഭിക്കേണ്ട തുക സംബന്ധിച്ച് വ്യക്തമാക്കിയിരിക്കെ അതിൽ വർദ്ധനവുണ്ടായില്ലെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം. വരുമാനാധിഷ്ഠിതമായ പ്രോജക്ടുകൾ കിഫ്ബിയിൽ കൊണ്ടുവരണമെന്ന പ്രതിപക്ഷത്തിന്റെ നിർദ്ദേശം മുഖവിലയ്ക്കെടുക്കാൻ തയ്യാറാകാത്തതാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം. പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കാത്തതുമൂലം പല പ്രവൃത്തികളും നിർത്തലാക്കേണ്ട അവസ്ഥയാണുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർക്കാർ ചെയ്യുന്ന നല്ല കാര്യങ്ങളെ അഭിനന്ദിക്കുന്നതിനുപകരം കുറ്റപ്പെടുത്തുകയെന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വരുമാന വർദ്ധനവിന്റെ കാര്യത്തിലും ക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലും കേരളം ഒന്നാം സ്ഥാനത്താണെന്ന് നീതി ആയോഗിന്റെ പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. കേന്ദ്ര

ഗവൺമെന്റ് സംസ്ഥാനത്തെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുമ്പോഴും പരമാവധി കാര്യങ്ങൾ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നത്. റബ്ബർ കർഷകർക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ കൂടുതൽ തുക ഇത്തവണ അനുവദിച്ചിട്ടുണ്ട്. പ്രളയത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ഗ്രാന്റിന്റെ കാലാവധി നീട്ടണമെന്നും കിഫ്ബി വായ്പ പൊതുകടത്തിന്റെ ഭാഗമായി കണക്കാക്കാൻ പാടില്ലെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങളോട് കേന്ദ്ര ഗവൺമെന്റ് അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തുകളിൽ 105 ശതമാനം എക്സ്പെൻഡിച്ചർ വരുത്തിയിട്ടുണ്ട്. ആശാകിരണം പദ്ധതിയുടെ ആഗസ്റ്റ് വരെയുള്ള കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. കേരളത്തോടുള്ള കേന്ദ്ര അവഗണനയ്ക്കെതിരെ ഒരുമിച്ച് സമരം ചെയ്യാൻ യു.ഡി.എഫ്. എം.പി.-മാർ തയ്യാറാകണം.

2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): 2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ - തുടർച്ച**

(ശ്രീ. കെ. ഡി. പ്രസേനൻ - തുടർച്ച)

പട്ടയ ഭൂമിയിൽ അത്യാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ഭേദഗതി ഇടുക്കി ജില്ലയിലെ മലയോര കർഷകർക്ക് ഏറെ ആശ്വാസം നൽകുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ഭേദഗതി ബിൽ കേരളത്തിന്റെ വികസനത്തിനുതകുന്നതായിരിക്കണം. ഇടുക്കി പാക്കേജ് നടപ്പാക്കാൻ ഇതുവരെ സർക്കാരിന് സാധിച്ചിട്ടില്ല. ലക്ഷംവീട് കോളനിയിലും തീരദേശ മേഖലയിലും കനാൽ, തോട് പുറമ്പോക്കുകളിലും വസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കണം. വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കണം. വൈത്തിരി ലാൻഡ് ബോർഡിൽ ചെയർമാനില്ലാത്തതിനാൽ അപേക്ഷകൾ തീർപ്പാക്കാൻ സാധിക്കുന്നില്ല. നാലാം വകുപ്പിൽ 'ഇതര

ആവശ്യങ്ങൾക്കുകൂടി' എന്ന മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കണം. സർക്കാർ ഉദ്യോഗസ്ഥന് റെഗുലറൈസേഷനുള്ള അധികാരം നൽകുന്നത് ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാൽ അക്കാര്യത്തിൽ നിയന്ത്രണം വരുത്തണം. പ്രതിപക്ഷം ബില്ലിലെ പോരായ്മകൾ ചൂണ്ടിക്കാണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ന്യൂനതകൾ പരിഹരിച്ച് സമഗ്രമായ നിയമനിർമ്മാണം നടത്തണമെന്നാണ് ആവശ്യപ്പെടാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1960-ൽ കൊണ്ടുവന്ന ഒരു നിയമത്തിന്റെ അനിവാര്യമായ ഭേദഗതിയിലേയ്ക്കാണ് കടക്കുന്നത്. ഈ ബില്ലിലെ മൂന്നാമത്തെയും നാലാമത്തെയും ഭേദഗതികൾ പട്ടയഭൂമി റെഗുലറൈസ് ചെയ്യുന്നതിനായി പ്രത്യേകം ചട്ടമുണ്ടാക്കാൻ സർക്കാരിന് അനുമതി നൽകുന്നവയാണ്. അതിനനുസൃതമായ നടപടി സ്വീകരിക്കാൻ മാത്രമാണ് സർക്കാർ ഉദ്യോഗസ്ഥന് അനുവാദം നൽകുന്നത്. 1960-ലെ ഭൂപതിവ് നിയമത്തിലെ മൂന്നാം വകുപ്പിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഭൂമി പതിച്ചുകൊടുക്കാവുന്നതെന്ന് ചട്ടപ്രകാരം തീരുമാനിക്കാൻ സർക്കാരിന് അനുമതി നൽകുകയാണ് ഈ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. മൂന്നാർ മേഖലയിൽ എൻ.ഒ.സി. നിർബന്ധമാക്കിയ കോടതി ഉത്തരവിനെതിരായി പലതരത്തിലുള്ള

ഇടപെടലുകൾ നടന്നിട്ടും ആ വിധി കേരളത്തിലെമ്പാടും ബാധിക്കുന്ന സ്ഥിതിയുണ്ടായി. പട്ടയഭൂമിയിൽ നിർമ്മിച്ച ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവയെല്ലാം നിയമവിരുദ്ധമാണെന്ന് കോടതി അഭിപ്രായപ്പെടുകയും കോടതി വിധിയുടെ അടിസ്ഥാനത്തിൽ പട്ടയഭൂമികളിൽ നിർമ്മിച്ച സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുകയും ചെയ്യുന്നുണ്ട്. കോടതിയെ സമീപിച്ച ചുരുക്കം ചില ആളുകൾക്ക് മാത്രമായി ലൈസൻസ് നൽകുന്നതിന് ഉത്തരവിട്ടതുമൂലം മറ്റ് കെട്ടിടങ്ങൾ ഉപയോഗശൂന്യമായ സാഹചര്യമുണ്ടാവുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് ഭൂമി പതിവ് നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നത് സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നത്. 2010-ൽ എൻ.ഒ.സി. നിർബന്ധമാക്കിയ കോടതി വിധിക്കെതിരെ ആരും അപ്പീൽ നൽകിയില്ല. സാധാരണനിലയിൽ നിലനിൽക്കുന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷ നൽകിയവർക്ക് എൻ.ഒ.സി. നൽകുന്നതിനുള്ള നിർദ്ദേശമാണ് 2016-ൽ കളക്ടർക്ക് നൽകിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമാണ് ഭേദഗതി

നിർദ്ദേശത്തിലേയ്ക്ക് പോകാൻ തീരുമാനിച്ചത്. പട്ടയ ഭൂമിയിൽ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ റെഗുലറൈസ് ചെയ്യാനും നിലവിൽ അനുവദിക്കപ്പെട്ട പട്ടയഭൂമിയിൽ നേരത്തെ അനുവദിക്കുന്ന കാലത്തുണ്ടായിരുന്ന ആവശ്യങ്ങളിൽനിന്നും വിഭിന്നമായി ചട്ടത്തിലൂടെ സർക്കാർ നിർദ്ദേശിക്കുന്ന ചില കാര്യങ്ങൾക്ക് അനുവാദം നൽകാനും കഴിയണമെങ്കിൽ 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ ആക്റ്റ് ഭേദഗതി ചെയ്യണം. പതിച്ചുകൊടുത്ത ഭൂമിയിൽ നിലവിലുള്ള വ്യവസ്ഥാലംഘനങ്ങൾ ക്രമീകരിച്ചുകൊടുക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നതാണ് നാലാം വകുപ്പിലെ 4A(1) കൊണ്ടുദ്ദേശിക്കുന്നത്. 1964-ലെ ചട്ട പ്രകാരം പട്ടയം ലഭിച്ച ഭൂമിയിൽ ആശുപത്രി നിർമ്മിക്കാൻ സാധിക്കില്ല. റോഡ്, കുളം, പാറ പുറമ്പോക്കുകളിൽ പട്ടയം വിതരണം ചെയ്യാൻ കഴിയാത്ത വിധത്തിൽ തടസ്സം നിലനിൽക്കുകയാണ്. പട്ടയവിതരണം കാര്യക്ഷമമാക്കുന്നതിനായി പട്ടയമിഷൻ രൂപീകരിക്കുകയും ഏഴ് വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സംസ്ഥാനതല നിരീക്ഷണ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ ഫലമായി കോളനികൾക്ക് പട്ടയം നൽകാൻ കഴിയുന്ന വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ

അധീനതയിലുള്ള കളിസ്ഥലങ്ങൾ, ശ്മശാനങ്ങൾ, കോളനിയിടങ്ങൾ, തോട് പുറമ്പോക്കുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ റവന്യൂ വകുപ്പിൽ വെസ്റ്റ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്. പഞ്ചായത്ത് അംഗങ്ങൾക്ക് അവരവരുടെ പ്രദേശത്ത് പട്ടയം ലഭിക്കാനുള്ളവരെ കണ്ടെത്താനും ഭൂമിയെ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കാനും കഴിയുന്നതാണ്. തഹസിൽദാർ അല്ലെങ്കിൽ സർക്കാർ ചുമതലപ്പെടുത്തുന്ന മറ്റൊരു ഉദ്യോഗസ്ഥന് മാത്രമെ പട്ടയം നൽകാൻ അധികാരമുള്ളൂ എന്നതിനാലാണ് രവീന്ദ്രൻ പട്ടയങ്ങൾ നിയമപരമായി നിലനിൽക്കാത്തത്. അനർഹമായി നൽകിയ രവീന്ദ്രൻ പട്ടയങ്ങൾ നിയമാനുസൃതം റദ്ദ് ചെയ്യാനാണ് കളക്ടർമാർക്ക് അധികാരം കൊടുത്തത്. കൃത്യതയോടെ അതിവേഗം ഭൂമി അളന്നുതീർത്ത ഉദ്യോഗസ്ഥന്മാരുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾ നടത്തുന്നത് അപലപനീയമാണ്. നാലുവർഷത്തിനകം എല്ലാവർക്കും ഭൂമിയുടെ രേഖ നൽകുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള

ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

For the words, symbols and brackets, "if satisfied for the reasons to be recorded in writing to permit the assignee to use the land assigned under this Act and the rules made thereunder till the date of commencement of the Kerala Government Land Assignment (Amendment) Act for purposes other than for which the land was assigned, on such terms and conditions, as may be prescribed." , the words symbols and brackets "if satisfied, for the reasons to be recorded in writing, to permit an assignee who holds the assigned land as on the date of commencement of the Kerala Government Land Assignment (Amendment) Act, 2023 (.... of 2023) to use the land assigned under this Act and the rules made thereunder, for the purposes other than for which the land was assigned, on such terms and conditions, as may be prescribed." shall be substituted.

113, 115, 120, 122, 125, 127, 128, 129, 130, 136, 139 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

142, 143, 144, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

143. In section 7(1)(ob) proposed to be inserted in the principal Act by Clause 3 for the words “to permit” the words “in permitting” shall be substituted.

144. In section 7(1)(ob) proposed to be inserted in the principal Act by Clause 3 for the words “made under” the words “made thereunder” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

111-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

111. In the preamble, after the figures " 1960" the brackets, figures and word " (30 of 1960)" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബില്ലിനെ പിന്തുണയ്ക്കുന്നുണ്ടെങ്കിലും ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. പട്ടയം നൽകുമ്പോൾ നിലവിലുള്ള പട്ടയനിബന്ധനകളുടെ ലംഘനം നടന്നിട്ടുണ്ടെങ്കിൽ അത് ക്രമവൽക്കരിക്കാനുള്ള അധികാരം സർക്കാരിന് നൽകുകയാണ്. പ്രസ്തുത നിയമം പാസ്സായാലും പട്ടയനിബന്ധന ലംഘിക്കുന്നത് നിയമവിരുദ്ധമായതിനാൽ തുടർച്ചയായ വ്യവഹാരങ്ങളുണ്ടാകാനിടയാകും. ഇതുസംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുന്നത് 1964-ലെയും 1993-ലെയും നിയമങ്ങളിലായതിനാൽ അതിൽനിന്ന് ഇത് ഒഴിവാക്കിയാൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കും. മുൻകാല പ്രാബല്യത്തോടെ ലംഘനങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ക്ലോസുകൂടി കൊണ്ടുവരണം. നിയമം പാസ്സാക്കുമ്പോൾ പട്ടയം ലഭിക്കുന്നതിനായി സാധാരണക്കാരിൽനിന്നും ഫീസ് ഈടാക്കുകയോ ഉദ്യോഗസ്ഥർക്ക് തീരുമാനമെടുക്കാനുള്ള വിവേചനാധികാരം നൽകുകയോ ചെയ്യരുത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ചട്ടത്തിൽ ഭേദഗതി വരുത്തിയതുകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാൻ സാധിക്കില്ല. 1993-ലെയും 1964-ലെയും ചട്ടത്തിൽ മാത്രമല്ല നിരവധി ചട്ടങ്ങളിൽ

ഇതുസംബന്ധിച്ച വ്യവസ്ഥകൾ മാറ്റാൻ കഴിയുന്ന വിധത്തിലുള്ള അധികാരം സർക്കാരിന് ലഭിക്കും. അതിനാൽ സെക്ഷൻ 7-ൽ രണ്ട് ഭേദഗതികൾ കൂടി കൊണ്ടുവരാനുള്ള അധികാരം സർക്കാരിന് നൽകുന്ന സമഗ്രമായിട്ടുള്ള മാറ്റമാണ് ഈ നിയമത്തിലൂടെ സാദ്ധ്യമാകുന്നത്. ചട്ടത്തിൽ പൊതുവായി ക്രമവൽക്കരിക്കാനുള്ള നിബന്ധനകളേതെല്ലാമെന്ന് തീരുമാനിച്ച് അതിവേഗത്തിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കും. ഇങ്ങനെയുള്ള ക്രമവൽക്കരിക്കൽ കൊണ്ട് സാധാരണക്കാരായവർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ഇതിന്റെ നടപടിക്രമങ്ങൾ ഉറപ്പുവരുത്തും.

2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠേന പാസ്സാക്കി.

### (ii) 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. 'ആഡംബര നികുതി' പിരിക്കാൻ പാടില്ലെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിനെ മറികടക്കുന്നതിനായിട്ടാണ് 'കെട്ടിട നികുതി' എന്ന പേരിൽ 'ആഡംബര നികുതി' ഓരോ വർഷവും ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. നികുതി നിർണ്ണയത്തിനായി ഉടമ നിർണ്ണായാധികാരി മുമ്പാകെ 7-ാം വകുപ്പിൻകീഴിൽ നൽകിയിട്ടുള്ള റിട്ടേണിലോ 8-ാം വകുപ്പിൻകീഴിൽ നൽകിയ ഭേദഗതി റിട്ടേണിലോ തെറ്റായ വിവരങ്ങളാണ് നൽകിയതെന്ന് തുടർപരിശോധനയിൽ കാണുന്നപക്ഷം കെട്ടിട നികുതിയുടെ 50% പിഴയായി ഈടാക്കാവുന്നതാണെന്നും ബില്ലിൽ പറഞ്ഞിട്ടുണ്ട്. ഇവ രണ്ടും ശരിയായ കാര്യങ്ങളല്ല. ആഡംബര നികുതി പിരിക്കുന്നതും അതിന് പിഴ ഈടാക്കുന്നതും ഒഴിവാക്കേണ്ട കാര്യങ്ങളാണ്. നികുതി വരുമാന നഷ്ടം ഒഴിവാക്കാനും വരുമാനം മെച്ചപ്പെടുത്താനുംവേണ്ടി ചെയ്തിട്ടുള്ള ഈ നടപടി പ്രതിഷേധാർഹമാണ്. കാസർഗോഡ് ജില്ലയിലെ റവന്യൂ വകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താനും

അനന്തരാവകാശ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. കാസർഗോഡ് മണ്ഡലത്തിലെ വില്ലേജ് ഓഫീസ് ഇല്ലാത്ത പഞ്ചായത്തിൽ അത് സ്ഥാപിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. നികുതി വർദ്ധനവും വിലക്കയറ്റവുംമൂലം ജനങ്ങൾ പൊറുതിമുട്ടുന്ന കാലഘട്ടത്തിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനായി ആഡംബര നികുതി ഏർപ്പെടുത്തുന്നതും നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ നൽകുന്നവർക്കെതിരെ പിഴ ചുമത്തുന്നതും ഖേദകരമാണ്. 'ആഡംബര നികുതി' എന്ന പദം കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമാകുമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് 'അധിക നികുതി' എന്ന മാറ്റം വരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള പ്ലിന്ത് ഏരിയ അടിസ്ഥാനപ്പെടുത്തിയാണ് റവന്യൂ വകുപ്പ് കെട്ടിട നികുതി ഏർപ്പെടുത്തുന്നത്. പ്ലിന്ത് ഏരിയ കൂടുതലാണെങ്കിൽ ഒറ്റത്തവണ കെട്ടിട നികുതിക്ക് പുറമെ അധിക നികുതിയും നൽകേണ്ടിവരും. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്ക് വിരുദ്ധമായി മുൻകാല പ്രാബല്യത്തോടെ നികുതി പിരിക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് സംബന്ധിച്ച് വ്യക്തത വരുത്തണം. നിലവിലെ രീതി മാറി തദ്ദേശ

സ്ഥാപനങ്ങളിൽനിന്ന് കെട്ടിടങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് വേഗത്തിൽ നികുതി നിർണ്ണയം സാധ്യമാകുന്നത് സംബന്ധിച്ച് പരിശോധിക്കണം. കെട്ടിടങ്ങളെക്കുറിച്ച് തെറ്റായ വിവരം നൽകുന്നവർ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരം കുറ്റക്കാരാകുമെന്ന വ്യവസ്ഥ ഒഴിവാക്കി പിഴ ചുമത്തുന്നത് വരുമാനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തിലാണ്.

ശ്രീ. പി. ഉബൈദുള്ള: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഗാർഹിക കെട്ടിടങ്ങൾക്കും ബഹുനില മന്ദിരങ്ങൾക്കും ഈടാക്കുന്ന ആഡംബര നികുതിയുടെ പേര് 'അധിക നികുതി' എന്നാക്കി ഭേദഗതി വരുത്തി ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന നടപടി പ്രതിഷേധാർഹമാണ്. അധിക നികുതി ചുമത്തുമ്പോൾ വീടുകൾ നിർമ്മിക്കുന്നതിനുള്ള സ്രോതസ് കൂടി പരിശോധിക്കാനുള്ള സംവിധാനമുണ്ടാകണം. വായ്പയെടുത്ത് വീട് നിർമ്മിച്ച ആളുകളുടെമേൽ അധിക നികുതി കൂടി ചുമത്തുന്നത് ക്രൂരതയാണ്. കെട്ടിട നിർമ്മാണ അനുമതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റ് ഫീസ് കുത്തനെ വർദ്ധിപ്പിച്ചത് പ്രതിഷേധാർഹമാണ്. മോട്ടോർ വാഹനങ്ങളുടെ

ഒറ്റത്തവണ നികുതി വർദ്ധിപ്പിച്ചതും ഇന്ധന സെസ്സ് ഏർപ്പെടുത്തിയതും കാരുണ്യ സുരക്ഷാ പദ്ധതി, കാസ്പ് പദ്ധതി, ആശ്വാസകിരണം പദ്ധതി, സമാശ്വാസം പദ്ധതി എന്നിവ മുടങ്ങിയതും അങ്കണവാടി ജീവനക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കാത്തതും പ്രതിഷേധാർഹമാണ്. സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ അവതാളത്തിലാണ്. ലക്ഷ്വറി ടാക്സ് എന്നുള്ളത് അഡീഷണൽ ടാക്സ് എന്നാക്കി ജനങ്ങളുടെമേൽ ചുമത്തുന്നത് ഭരണഘടനാവിരുദ്ധവും ജനങ്ങളോടുള്ള വെല്ലുവിളിയുമാണ്.

ശ്രീ. ആന്റണി ജോൺ ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. കെ. ആൻസലൻ: 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വില്ലേജ് ഓഫീസർമാർ ഓരോ കെട്ടിടവും പരിശോധിച്ച് നികുതി നിർണ്ണയിക്കുന്നതിലും തദ്ദേശസ്വയംഭരണ വകുപ്പ് വീട്ടുനമ്പരും ഒറ്റത്തവണ കെട്ടിട നികുതിയും നിർണ്ണയിക്കുന്നതിലും കാലതാമസമുണ്ടാകുന്നു. ഇതൊഴിവാക്കുന്നതിനാണ് തദ്ദേശസ്വയംഭരണ വകുപ്പ് അംഗീകരിക്കുന്ന പ്ലിന്ത് ഏരിയ ഒറ്റത്തവണ നികുതി നിർണ്ണയത്തിന് അടിസ്ഥാന രേഖയായി കണക്കാക്കണമെന്ന ഭേദഗതി കൊണ്ടുവരുന്നത്. വലിയ തുക ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ

ചെറിയ നികുതി സർക്കാരിന്റെ ക്ഷേമ-വികസന പ്രവർത്തനങ്ങൾക്കായി കൊടുക്കുന്നതിൽ അപാകതയില്ലെന്നുമാത്രമല്ല ഈ ഭേദഗതിയിലൂടെ അത് പരിഷ്കരിച്ച നടപടി സ്വാഗതാർഹവുമാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കേരള കെട്ടിട നികുതി ആക്ടിൽ ആറ് ഭേദഗതികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിലും ജനങ്ങളിൽ അധികഭാരം അടിച്ചേല്പിക്കുന്ന നിർദ്ദേശങ്ങളൊന്നും കൊണ്ടുവരുന്നില്ല. 'ലക്ഷ്വറി ടാക്സ്' എന്നതിനുപകരം 'അഡീഷണൽ ടാക്സ്' എന്ന ഭേദഗതി കൊണ്ടുവരുന്നതുകൊണ്ട് പ്രത്യേക ബാധ്യതയുണ്ടാകുന്നില്ല. വാസഗൃഹങ്ങൾക്ക് മാത്രമാണ് അഡീഷണൽ ടാക്സ് വരുന്നത്. 2(ഇ) വകുപ്പിലെ ബിൽഡിംഗിന്റെ നിർവ്വചനത്തിൽ രണ്ട് വിശദീകരണങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിൽ ഒന്നാമത്തെ വിശദീകരണം നിലനിർത്തിക്കൊണ്ട് രണ്ടാമത്തെ വിശദീകരണത്തിൽ മൂന്ന് കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ട്. ഒരേ കെട്ടിടത്തിൽ വ്യത്യസ്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വ്യത്യസ്ത ഫ്ലാറ്റുകളെയും അപ്പാർട്ടുമെന്റുകളെയും ഓരോ പ്രത്യേക കെട്ടിടമായി കണക്കാക്കേണ്ടതും ആയതിന്റെ അസസ്മെന്റ് അതത് ഫ്ലാറ്റിന്റെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതും പ്ലിന്ത് ഏരിയ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് അംഗീകരിച്ച

രേഖകൾ പ്രകാരം ആയിരിക്കേണ്ടതുമാണ്. ഒരു കെട്ടിടത്തിന്റെ മുഴുവൻ ഉടമസ്ഥതയും ഒരേ വ്യക്തിയിൽ നിലനിർത്തുകയാണെങ്കിൽ മുഴുവൻ പ്ലിന്ത് ഏരിയയുള്ള ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കാൻ ആ വ്യക്തി ബാധ്യസ്ഥനാണ്. ഏതെങ്കിലും ഭാഗങ്ങൾ വിൽക്കുകയാണെങ്കിൽ ആ ഭാഗങ്ങളുടെ അഡീഷണൽ ടാക്സ് പുതുതായി വാങ്ങുന്നയാൾ അടയ്ക്കണം. ഒരു വ്യക്തി ഒന്നിലധികം ഫ്ലാറ്റോ അപ്പാർട്ട്മെന്റോ വാങ്ങുന്ന സാഹചര്യത്തിൽ അവ ബന്ധപ്പെട്ട് കിടക്കുന്നവയാണെങ്കിൽ അതിനെ സിംഗിൾ യൂണിറ്റായി കണക്കാക്കുകയും അതുപ്രകാരം ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും അടയ്ക്കേണ്ടതുമാണ്. എന്നാൽ ഫ്ലാറ്റുകൾ തമ്മിൽ ബന്ധമില്ലെങ്കിൽ ഓരോന്നും പ്രത്യേകമായി കണക്കാക്കണം. 5 എ(1)-ന്റെ ദീർഘ ശീർഷകം " Charge of Luxury Tax" എന്നുള്ളത് "Certain Category of Residential Building" എന്ന് മാറ്റുന്നു. 01-04-1999-നുശേഷം നിർമ്മിച്ചതും 278.7 ചതുരശ്രമീറ്ററോ അതിൽക്കൂടുതൽ വിസ്തീർണ്ണമുള്ളതോ ആയ എല്ലാ കെട്ടിടങ്ങൾക്കും ഷെഡ്യൂൾ രണ്ടിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കനുസരിച്ച് വാർഷിക അഡീഷണൽ ടാക്സ് ഈടാക്കാവുന്നതാണ്. നാലാമത്തെ വകുപ്പിൽ ലോക്കൽ സെൽഫ് ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് അംഗീകരിച്ച സോഫ്റ്റ്‌വെയറോ ഒക്യുപെൻസി സർട്ടിഫിക്കറ്റോ ടാക്സ് അസസ്സ്മെന്റോ

പ്രകാരമുള്ള പ്ലിന്ത് ഏരിയ അനുസരിച്ചാണ് ബിൽഡിംഗ് ടാക്സും അഡീഷണൽ ടാക്സും കണക്കാക്കുന്നത്. 13(2) പ്രകാരം അസസ്സിംഗ് അതോറിറ്റിയോ അപ്പീൽ അതോറിറ്റിയോ തീരുമാനമെടുത്താൽ മൂന്ന് മാസത്തിനകം കളക്ടർ നടപടി സ്വീകരിക്കണമെന്നുള്ളതിനാൽ ആ കാലാവധി ദീർഘിപ്പിച്ച് നൽകുന്നുണ്ട്. തെറ്റായ വിവരം നൽകുന്നവർക്ക് 50 ശതമാനം പിഴ ഈടാക്കുന്നുണ്ട്. 3000 സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് ലക്ഷ്വറി ടാക്സ് ഏർപ്പെടുത്താനും ഒരു നിശ്ചിത വിസ്തീർണ്ണത്തിൽ കൂടുതലുള്ള ഗൃഹങ്ങൾക്ക് അഡീഷണൽ ടാക്സ് ഈടാക്കുന്നതിനും തീരുമാനിച്ചു. വാസയോഗ്യമായ കെട്ടിടങ്ങൾക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ അടിസ്ഥാനത്തിലാണ് നികുതി ഈടാക്കുന്നത്. അവകാശ സർട്ടിഫിക്കറ്റ് അനുവദിക്കാൻ കാലതാമസം നേരിടുന്നതുകൊണ്ട് ഇ-ഗസറ്റായി ടി സർട്ടിഫിക്കറ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 5 ലക്ഷം രൂപവരെയുള്ള സാമ്പത്തിക ഇടപാടുകൾക്കുമാത്രമേ അവകാശ സർട്ടിഫിക്കറ്റ് ഉപയോഗിക്കാവൂ. പുതിയ നികുതി നിർദ്ദേശമില്ലാതെ നിലവിലുള്ള നിർദ്ദേശങ്ങളിൽ ഒതുങ്ങിനിൽക്കാവുന്ന നിയമഭേദഗതിയാണ് അവതരിപ്പിക്കുന്നത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

144-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിച്ചു.

In Explanation 2,

in item (ii) for the words " building tax or additional tax," the words " building tax and additional tax" shall be substituted.

for item (iii) the following shall be substituted, namely:-

" If a person purchases more than one flat or apartment which

are interconnected with each other, it shall be considered as a single unit and he shall be liable to pay building tax and additional tax, as the case may be, on the basis of the aggregate plinth area and if the flat or apartment are not interconnected with each other, each flat or apartment shall be assessed separately" .

149, 150, 151, 158, 159, 160, 161, 162, 163, 167, 169, 171, 177, 178, 179, 180, 182, 183, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിച്ചു.

In sub-clause (ii), for the words " area of above" the words " area of and above" shall be substituted.

193, 194, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിച്ചു.

For the words " onetime building tax" wherever they occurs the words " building tax" shall be substituted.

198, 203 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

204, 208, 209, 215, 216, 218, 219 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

111, 121, 124, 128 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): വിയോജിപ്പ് രേഖപ്പെടുത്തുന്നു. റവന്യൂ ടാക്സ് വർദ്ധിപ്പിക്കുന്നതോടൊപ്പം നിർമ്മാണത്തൊഴിലാളികളുടെ കുടിശ്ശിക കൊടുക്കാനും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമയബന്ധിതമായി കൊടുക്കാനും നടപടി സ്വീകരിക്കണം. ഉന്നതപദവിയിലുള്ള ഉദ്യോഗസ്ഥർക്ക് പുനർനിയമനം കൊടുക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണം. കേരളം വൈദ്യുതിരംഗത്ത് പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ 25 കൊല്ലത്തേക്ക് കുറഞ്ഞ നിരക്കിൽ കിട്ടിക്കൊണ്ടിരുന്ന 450 മെഗാവാട്ട് വൈദ്യുതി കരാർ റദ്ദാക്കിയത് അപലപനീയമാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഫീസ് വർദ്ധിപ്പിക്കാൻ വേണ്ടിയുള്ളതാണ് ഈ ഭേദഗതി. കേരളത്തിൽ നല്ലൊരു സംരംഭക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഓരോ കൊല്ലവും 11 ലക്ഷം കോടി രൂപയുടെ വസ്തുക്കളാണ് കേരള വിപണിയിൽ എത്തുന്നത്. നമ്മുടെ തനത് ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് പ്രത്യേക പദ്ധതിയുണ്ടാക്കണം. സേവന നിലവാരത്തെക്കുറിച്ചുള്ള ജനങ്ങളുടെ പരാതികൾ കൂടുകയാണ്. കിഫ്ബി പുതിയ വ്യവസ്ഥ നടപ്പിലാക്കുന്നതുകൊണ്ട് പല പദ്ധതികളും സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ല. വിവിധ ക്ഷേമനിധികളിൽനിന്നും

കടമെടുക്കാനുള്ള നീക്കം സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി വ്യക്തമാക്കുന്നതാണ്. പെട്രോൾ സെസ്സും ഭൂമിയുടെ ന്യായവിലയും വർദ്ധിപ്പിച്ച നടപടി പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇന്ത്യൻ പങ്കാളിത്ത ആക്ട് പ്രകാരമുള്ള വിവിധ ഫീസ് നിരക്കുകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനാണ് ഈ നിയമ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. രജിസ്ട്രേഷൻ നടപടികൾ സുതാര്യമാക്കി സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. സംസ്ഥാനത്തിന്റെ പുരോഗതിക്കായി കൊണ്ടുവന്നിട്ടുള്ള ബില്ലിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പത്ത് വർഷം മുമ്പ് തീരുമാനിച്ച ഫീസ് ഘടനയിൽ മാറ്റം വരുത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. വ്യാവസായിക

രംഗത്ത് മെച്ചപ്പെട്ട പുരോഗതി കൈവരിക്കാനും നിക്ഷേപസൗഹൃദ സംസ്ഥാനമായി മാറാനും കഴിഞ്ഞത് ഗവൺമെന്റിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചിക, ആരോഗ്യ സൂചിക എന്നിവയിൽ ഒന്നാം സ്ഥാനവും ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനവും നേടാനും കേന്ദ്ര സർക്കാരിന്റെ 'വയോശ്രേഷ്ഠ' പുരസ്കാരം കരസ്ഥമാക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സാധാരണക്കാരെ ബാധിക്കാത്ത രീതിയിലാണ് പത്ത് വർഷംമുമ്പ് നിശ്ചയിച്ച രജിസ്ട്രേഷൻ ഫീസ് നിരക്കുകളിൽ കാലോചിതമായ മാറ്റം വരുത്തിയിട്ടുള്ളത്. ഫീസ് നിരക്കുകൾ പരിഷ്കരിക്കുന്നതിലൂടെ കൃഷിക്കാർക്കോ സാധാരണ തൊഴിലാളികൾക്കോ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം

സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

164, 165, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

117, 134 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ വിപുലീകരണം, ആസ്തി വർദ്ധനവ്, നിക്ഷേപ സമാഹരണത്തിലെ വളർച്ച എന്നിവ കണക്കിലെടുത്ത് സംഘങ്ങളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ

മുന്നോട്ടുകൊണ്ടുപോകുന്നതിന് കാലോചിതമായ മാറ്റം അനിവാര്യമാണ്. ഒറ്റപ്പെട്ടതെങ്കിലും സഹകരണ മേഖലയിലുണ്ടാകുന്ന അനഭിലഷണീയമായ പ്രവണതകൾ തിരുത്തുന്നതിനുകൂടിയാണ് സമഗ്രമായ നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. സഹകരണ സംഘങ്ങളിൽ ഒരേ വ്യക്തികൾതന്നെ ദീർഘകാലം ഭാരവാഹികളായി തുടരുന്നത് ആ സംഘങ്ങളുടെ വളർച്ചയ്ക്ക് വളരെയധികം സഹായം ചെയ്തിട്ടുള്ളതാണെങ്കിലും ഇത്തരം സംഘങ്ങളിൽ ക്രമക്കേടുകൾ കൂടുതലായി കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഭാരവാഹികൾ തുടർച്ചയായി രണ്ടുതവണയിലധികം ഭരണസമിതി അംഗങ്ങളായി തുടരാൻ പാടില്ലെന്ന ഭേദഗതിക്കുപകരം വായ്പാ സംഘങ്ങളിൽ മാത്രം തുടർച്ചയായി മൂന്നുതവണയിലധികം ഭാരവാഹികളായി തുടരാൻ പാടില്ലെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും സംഘങ്ങളിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ സംഘം ഭരണസമിതിയെ സസ്പെന്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുന്നതിനും രജിസ്ട്രാറായി ഗവൺമെന്റ് ഉദ്യോഗസ്ഥനെത്തന്നെ നിയമിക്കുന്നതിനുമുള്ള ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു കോടിയോളം അംഗങ്ങളും രണ്ടര ലക്ഷം കോടി രൂപ നിക്ഷേപവുമുള്ള

സഹകരണ സംഘങ്ങൾ കേരളത്തിന്റെ സമസ്ത മേഖലയിലും സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. പുതുതലമുറ ബാങ്കിനെ വെല്ലുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സഹകരണ സംഘങ്ങൾ വൈവിദ്ധ്യവൽക്കരണത്തിലൂടെ ഉദാത്തമായ മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ വിശ്വാസ്യതയെ തകർക്കുന്ന പ്രവർത്തനങ്ങൾ അനുവദിക്കാൻ പാടില്ല. കേന്ദ്രഗവൺമെന്റ് ഏജൻസികൾ കേരളത്തിലെ സഹകരണ മേഖലയിലേയ്ക്ക് കടന്നുവരുന്നതിനെതിരെയും മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ യാതൊരു നിയന്ത്രണവുമില്ലാതെ നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും വ്യാപകമായി പ്രവർത്തിക്കുന്നതിനെതിരെയും നടപടി സ്വീകരിക്കണം. സഹകരണ മേഖലയുടെ കരുത്ത്, വിശ്വാസ്യത, പൊതുസമൂഹത്തിലെ സ്വീകാര്യത എന്നിവ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കണം. ഓഡിറ്റിംഗ് സംവിധാനം കുറ്റമറ്റതാക്കാനും ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താനും നടപടി സ്വീകരിക്കണം. പ്രൈമറി സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ എസ്.സി./എസ്.ടി സംവരണം ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. അതോടൊപ്പം മുസ്ലീം, ഈഴവ, നാടാർ, വിശ്വകർമ്മ, ലത്തീൻ കത്തോലിക്ക, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നീ

വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്താനാവശ്യമായ ഭേദഗതി ഔദ്യോഗികമായി കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

ശ്രീ. സണ്ണി ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. വളർച്ചയോടൊപ്പം വിശ്വാസ്യതയെ തർക്കുന്ന ചില തെറ്റായ പ്രവണതകൾ കേരളത്തിലെ സഹകരണ മേഖലയിലുണ്ടായിട്ടുണ്ട്. കാലാനുസൃതമായ പരിഷ്കരണങ്ങൾ സഹകരണ നിയമത്തിൽ കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. രാജ്യത്താകെ ഒരു കോമൺ സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര തീരുമാനത്തെ എതിർത്ത് കേരളത്തിലെ സംഘങ്ങൾക്ക് മുഴുവനും ബാധകമാകുന്ന ഒരു സോഫ്റ്റ്വെയറിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അധികാര വികേന്ദ്രീകരണത്തിനനുകൂലമായ നിലപാട് സ്വീകരിക്കണം. സഹകരണ ജനാധിപത്യം പാലിക്കപ്പെടാത്ത സാഹചര്യം ഗൗരവമായി സർക്കാർ കാണണം. പണം തിരിച്ച് കൊടുക്കാൻ കഴിയാത്ത സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് അവരുടെ പണം തിരിച്ചുകിട്ടാൻ ഒരു ഗാരന്റി സംവിധാനം നിയമത്തിൽ ഉൾപ്പെടുത്തണം.

ഡോ. മാത്യു കുഴൽനാടൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ മേഖലയെ ശക്തിപ്പെടുത്താനും ദുഷ്പ്രവണതകളെ ഇല്ലായ്മ ചെയ്യാനും കാലാനുസൃതമായ മാറ്റങ്ങൾ വരുത്താനുമാണ് സഹകരണ ഭേദഗതി ബിൽ

കൊണ്ടുവരുന്നതെങ്കിലും കേന്ദ്ര ഏജൻസികളുടെ കടന്നുകയറ്റം കേരളത്തിലെ സഹകരണ മേഖലയെ ദുർബലപ്പെടുത്തുമെന്നതിനാൽ അത് തടയാനാവശ്യമായ നടപടി സ്വീകരിക്കണം. അഴിമതി അവസാനിപ്പിച്ച് സഹകരണ മേഖലയെ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. സഹകരണ സ്ഥാപനങ്ങളെ പിടിച്ചെടുത്ത് അഴിമതിക്കാർക്ക് സംരക്ഷണം നൽകുകയും രാഷ്ട്രീയമായി ഉപയോഗിക്കുകയും ചെയ്യുമ്പോഴാണ് അഴിമതിക്ക് കളമൊരുങ്ങുന്നത്.

ശ്രീ. മോൻസ് ജോസഫ്: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് തുറന്ന മനസ്സോടെ ചർച്ച നടത്തിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. സഹകരണ സ്ഥാപനങ്ങളിൽ അംഗങ്ങളാകാൻ കാലാവധി നിശ്ചയിക്കുന്ന ഭേദഗതി പുനഃപരിശോധിക്കുകയും അത്തരമൊരു തീരുമാനം നിയമപരമായി നിലനിൽക്കുമോയെന്ന് പരിശോധിക്കുകയും വേണം. സംഘം ഭരണ സമിതിയെ പ്രാഥമികാന്വേഷണത്തിലൂടെ സസ്പെന്റ് ചെയ്യാമെന്ന വ്യവസ്ഥ ഒഴിവാക്കിയതും സഹകരണ രജിസ്ട്രാറായി ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിയമിക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. അധികാര

കേന്ദ്രീകരണത്തിന് ഇടയാക്കുമെന്നതിനാൽ കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട് സ്റ്റാറ്റ്യൂട്ടറി റിസർവ് ആക്കാനുള്ള വ്യവസ്ഥ സാമ്പത്തിക സുസ്ഥിരതയെ തകർക്കുകയും തെറ്റായ ധനവിനിയോഗത്തിന് കാരണമാകുകയും ചെയ്യുന്നതാണ്. സംഘം വിപുലീകരണത്തിന്റെ ഭാഗമായി അനുബന്ധ സ്ഥാപനങ്ങൾ ആരംഭിക്കാൻ സാധിക്കില്ലെന്നതിനാൽ 14(എ) വകുപ്പിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതി ഒഴിവാക്കണം.

ശ്രീമതി കെ. കെ. രമ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സഹകരണ സംഘങ്ങളിലെ ഭരണ സമിതിയിലേയ്ക്ക് മത്സരിക്കുന്നതിന് കാലാവധി നിശ്ചയിക്കുന്നത് ഒഴിവാക്കുകയും കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള തീരുമാനം പുന:പരിശോധിക്കുകയും വേണം. യുവാക്കളുടെയും എസ്.എസി/എസ്.ടി. വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കുന്ന ഭേദഗതി സഹകരണ സംഘത്തെ പുഷ്ടിപ്പെടുത്താനുപകരിക്കും. കേരള ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ നിക്ഷേപം ഉണ്ടായിരുന്നിട്ടും അപ്പെക്സ് ബാങ്കെന്ന നിലയിൽ സഹകരണ സംഘങ്ങളെ സഹായിക്കാൻ തയ്യാറാകാത്തത് സംബന്ധിച്ച് പരിശോധിക്കണം. കരുവന്നൂർ സർവ്വീസ്

സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണ നിയമത്തിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തുന്ന സർക്കാർ നടപടിയെ അഭിനന്ദിക്കുന്നു. ഈ മേഖലയിലെ ക്രമക്കേടും അഴിമതിയും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തുന്നതും ടീം ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്നതും പോലീസ്/വിജിലൻസ് എൻക്വയറി ഏർപ്പെടുത്തുന്നതും സ്വാഗതാർഹമാണ്. നാല് അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുന്നതും നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം നാല് ശതമാനമായി വർദ്ധിപ്പിക്കുന്നതും സഹകരണ സംഘങ്ങളിലെ നിയമനം സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേനയാക്കുന്നതും നിയമനം നേടുന്നവർക്ക് പോലീസ് വെരിഫിക്കേഷൻ ഏർപ്പെടുത്തുന്നതും

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ സഹായിക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. രമേശ് ചെന്നിത്തല): സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിക്കും സഹായകരമാകുന്ന പ്രവർത്തനങ്ങളാണ് സഹകരണ മേഖല കാഴ്ചവയ്ക്കുന്നത്. രാജ്യത്തൊട്ടാകെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിച്ചുകൊണ്ട് സഹകരണപ്രസ്ഥാനത്തെ കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലാക്കാൻ ശ്രമിക്കുകയാണ്. സഹകരണമേഖലയെ നിലനിർത്തേണ്ടത് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് അനിവാര്യമാണ്. എ.ടി.എം. ഇടപാടുകൾക്ക് അധിക ചാർജ്ജുകൾ ഈടാക്കിയും വൻപലിശയ്ക്ക് വായ്പ നൽകിയും സഹകരണമേഖലയുടെ ശോഭ കെടുത്തുന്ന നടപടി കേരള ബാങ്കിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് പ്രതിഷേധാർഹമാണ്. വകുപ്പ് 2(ib)-യിൽ പറയുന്ന ഫെഡറൽ സഹകരണസംഘത്തിലെ വ്യക്തിഗത അംഗങ്ങളുടെ എണ്ണം സംഘത്തിലെ

ആകെ അംഗങ്ങളുടെ 25 ശതമാനത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥ ഇതിന്റെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. ഒരു സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും സംഘം ഏറ്റെടുത്തുനടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾക്കായി സബ്സിഡിയറി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അറ്റാദായത്തിൽ നിന്നും മൂലധനം കണ്ടെത്തണമെന്ന നിർദ്ദിഷ്ട വ്യവസ്ഥ അപ്രായോഗികമാണ്. സഹകരണപ്രസ്ഥാനങ്ങളിലെ അഴിമതി തടയാനും സുതാര്യത ഉറപ്പുവരുത്താനും നിക്ഷേപകർക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് ഈ നിയമത്തിലൂടെ കൊണ്ടുവരേണ്ടത്.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബില്ലിന്മേലുള്ള സൃഷ്ടിപരമായ വിമർശനങ്ങളെയും ക്രിയാത്മക നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളിൽ ക്രമക്കേടുകളുണ്ടാകാതിരിക്കാൻ കാലോചിതമായ പരിഷ്കാരം അനിവാര്യമാണ്. നിലവിലുള്ള കൺകറന്റ് ഓഡിറ്റിന് ന്യൂനതകളുള്ളതിനാൽ പകരം ടീം ഓഡിറ്റ് സംവിധാനം ഏർപ്പെടുത്താൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വായ്പാ സംഘങ്ങളിൽ ഭരണസമിതിയംഗമാകുന്നത് രണ്ട് ടേൺ എന്നത്

മൂന്ന് ടേൺ എന്നാക്കി മാറ്റിയിട്ടുണ്ട്. പത്ത് ലക്ഷത്തിന് മുകളിലുള്ള വായ്പകൾക്ക് സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനും ഭരണസമിതിയിലെ രണ്ട് അംഗങ്ങളും സംഘത്തിന് പുറത്തുനിന്നുള്ള പരിചയസമ്പന്നനായ വാല്യുവേറ്ററും ചേർന്നുള്ള സമിതി നിബന്ധനകൾക്കു വിധേയമായി ഭൂമിയുടെ വാല്യുവേഷൻ നടത്തേണ്ടതാണ്. ക്യാബിനറ്റ് ചർച്ചയ്ക്കുശേഷം ഏകീകൃത സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഭരണസമിതി അംഗങ്ങൾ/കുടുംബാംഗങ്ങൾ/ജീവനക്കാർ എന്നിവരുടെ ബാങ്കുമായി ബന്ധപ്പെട്ട ബാധ്യതകൾ ജനറൽ ബോഡി മുമ്പാകെ കൊണ്ടുവരണമെന്ന നിർദ്ദേശം ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘത്തിലെ ഓഡിറ്റ് പരിശോധനയിലെ ന്യൂനതകൾ റെക്ടിഫൈ ചെയ്തുകൊണ്ടുള്ള റിപ്പോർട്ട് 15 ദിവസത്തിനുള്ളിൽ രജിസ്ട്രാർക്ക് നൽകണമെന്ന് നിഷ്കർഷിക്കുകയും രജിസ്ട്രാറായി ഐ.എ.എസ്. ഉദ്യോഗസ്ഥനെ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. അപ്പീൽ സർക്കാരിലേയ്ക്ക് നൽകണമെന്ന ഭേദഗതിയാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന സഹകരണ സംഘങ്ങളിലും റിസർവേഷൻ നടപ്പാക്കുന്നതാണ്. പ്രൈമറി സംഘങ്ങളിൽ എസ്.സി./ എസ്.ടി., ഭിന്നശേഷി വിഭാഗങ്ങൾക്ക് സംവരണം

നടപ്പിലാക്കിയിട്ടുണ്ടെങ്കിലും സംവരണവുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിന്മേൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെ നിക്ഷേപങ്ങൾക്ക് സർക്കാർ പരിരക്ഷ നൽകുന്നതല്ല. കേരള ബാങ്കിൽ എ.ടി.എം. സേവനങ്ങൾക്ക് കൂടുതൽ തുക ഈടാക്കുന്നത് സംബന്ധിച്ച പരാതി പരിശോധിക്കുന്നതാണ്. നിക്ഷേപ ഗ്യാരണ്ടി സ്കീമിന്റെ പരിധി അഞ്ചുകോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ലാഭവിഹിതം ഉപയോഗിച്ച് പ്രവർത്തിക്കുന്ന കമ്പനികൾക്ക് തടയിടുന്ന വ്യവസ്ഥയും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

796. Clause 2(viii) shall be deleted and the remaining shall be renumbered accordingly.

135, 136, 143, 147, 152, 155, 173, 175, 176, 177, 179, 181, 192, 193, 195, 197, 206, 207, 208, 211, 212, 213, 218, 224, 227, 233, 234, 236, 242, 243, 244, 245, 246, 252, 258, 259, 260, 267, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

176. In section 2(db) proposed to be inserted in the principal Act by clause 2(iii) for the words " primary agricultural credit societies" , the words " Primary Agricultural Credit Societies" shall be substituted.

208. In section 2(oaa) proposed to be substituted in the principal Act by Clause 2(v), before the words and symbols " service co-operative bank," the letter " a" shall be inserted.

224. In section 2(oaa) proposed to be substituted in the principal Act by Clause 2(v) after the words " advances and" the word " the" shall be inserted.

252. In section 2(qbb) proposed to be inserted in the principal Act by Clause 2(x), for the brackets and letters " (qbb)" the brackets and letters " (qba)" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിച്ചില്ല.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

797. In the proviso to section 7(1)(f) proposed to be inserted in the

principal Act by Clause 4(i)(c) after the words " Provided that" the words " the requirement of minimum share capital in" shall be inserted.

282, 283, 291, 297, 298, 299 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

282. Clause 4(i)(b) shall be recast as follows:

"(b) in Clause (e) for the words and symbols ", he may register the society and its bye-laws within a period of ninety days from the date of receipt of the application." the symbol and word "; and" shall be substituted."

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

311, 312 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

318, 324, 325, 335, 340, 345, 346, 348, 356, 359, 360, 361, 362 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

798. Clause 7 shall be recast as follows:-

" 7. Amendment of section 14AA. - In section 14AA of

the principal Act,-

(i) after sub-section (2), the following sub-sections shall be added, namely:-

" (2A) The share capital contribution or financial assistance to the subsidiary institution shall be met from the balance net profit of the society, as provided under section 56(2) and any further investment in subsidiary institutions from the society/bank other than share capital shall be released as loan as per the norms as may be specified by the Registrar;

(2B) Any society/bank which had availed any financial assistance from Government, shall include nominees of Government of Kerala in the board of directors of the subsidiary institutions, as may be prescribed;

(2C) The Registrar shall conduct audit, inspection and verification of records in the subsidiary institutions, as may be prescribed;

(2D) Any share capital contribution or financial assistance to the subsidiary institutions from the society/bank shall be allotted with the prior approval of the Registrar based on the resolution passed by the general body of the society/bank concerned;

(2E) Transferring funds or leasing of assets of the society to its subsidiary institutions shall be made with the prior

approval of the Government based on the resolution passed by the general body of the society/bank;" ;

(ii) after the existing sub-section (3), the following sub-section shall be added, namely:-

" (4) Notwithstanding anything contained in the foregoing provisions of this section, no subsidiary institution shall be promoted under this section on or after the commencement of the Kerala Co-operative Societies (Amendment) Act, 2023 and the existing subsidiary institutions registered and working immediately before the commencement of the Kerala Co-operative Societies (Amendment) Act, 2023 shall continue its operation subject to the foregoing provisions in sub-sections (1) to (8) and in the manner as may be prescribed." ."

363, 364, 370, 377, 378, 380, 384 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

799. Clause 8 shall be recast as follows:-

" 8. Amendment of section 14B.- In section 14B of the principal Act,-

(i) after the existing sub-section (1), the following sub-sections shall be inserted, namely:-

" (1A) Detailed project report for the formation of such partnership of co-operative societies shall be prepared by the societies concerned and the same shall be submitted to the general bodies of such societies for approval.

(1B) The project report approved by the general bodies of the societies shall be submitted to the Government through the Registrar for the approval of the formation of such partnership of co-operative societies, in the manner as may be prescribed.

(1C) The Registrar shall conduct audit, inspection and verification of records in such societies, in the manner as may be prescribed.

(1D) In the case of raising of fund for such partnership

prior sanction of the Government shall be obtained by the partnership of co-operative societies, in the manner as may be prescribed." ."

396-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

396-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

401-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

800. Clause 10 shall be recast as follows:-

“ 10. Amendment of section 16.- In section 16 of the principal Act, after the existing proviso to item (i) of clause (a) of sub-section (1), the following item and proviso may be added, namely:-

“ (ia) in the case of Youth Co-operative Societies, who has not attained the age of forty five years:

Provided that on attaining forty five years the membership of such members shall cease to exist and they shall become associate members of the society.” .”

